

India ECHOES
ONE WORLD ONE HUMANITY
ശ്രീ രാം ചന്ദ്ര മിഷൻ®

# പഞ്ചാബ് പര്യടനം





## ചണ്ഡിഗർ

ഫെബ്രുവരി 27–ന് റോഡ് മാർഗം ഡെൽഹിയിൽ നിന്നും മാസ്റ്റർ തൻെറ യാത്ര തുടങ്ങി. കുറച്ചു നേരത്തെ വിശ്രമത്തിനായി കർണാലിൽ തങ്ങിയ അദ്ദേഹത്തെ അഭ്യാസികളുടെ ഒരു സംഘം സ്വാഗതം ചെയ്തു. നൂറോളം അഭ്യാസികളും കുട്ടികളും ചേർന്ന് അദ്ദേഹത്തെ ചണ്ഡിഗറിൽ സ്വീകരിച്ചു. ആറു മണിക്കൂർ നീണ്ട റോഡ് മാർഗമുള്ള യാത്രക്കുശേഷമാണെങ്കിലും ഒരു അഭ്യാസി സഹോദരൻെറ വീട് ഉദ്ഘാടനം ചെയ്ത ശേഷം അദ്ദേഹം സത്സംഗം നടത്തി.

ഫെബ്രുവരി 28–ാം തിയതിയും അടുത്ത ദിവസവും മാസ്റ്റർ അഭ്യാസികളോടൊപ്പം ചിലവിടുകയും അവരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്തു. തൻെറ സ്വതസിദ്ധമായ നർമ്മോക്തിയും വിവേകവും പ്രതിഫലിപ്പിച്ചു കൊണ്ട് മാസ്റ്റർ എല്ലാവരേയും സന്തോഷിപ്പിച്ചു.

## ലുധിയാന

മാർച്ച് 1–ാം തിയതി ലുധിയാനയിൽ എത്തിയ ഉടനെ മാസ്റ്റർ അഭ്യാസികളുമായി ഇടപഴകുകയും അതിനുശേഷം സത്സംഗം നടത്തുകയും ചെയ്തു. അടുത്ത ദിവസം ലുധിയാനയിൽ ആശ്രമത്തിനായി തിരഞ്ഞെടുത്ത സ്ഥലത്ത് സത്സംഗം നടത്തിയശേഷം അദ്ദേഹം തറക്കല്ലിട്ടു. അദ്ദേഹം പഞ്ചാബിയിൽ കുറച്ചു വാക്കുകൾ പറയുകയും ചെയ്തു. ആശ്രമത്തിലേക്ക് വരാത്തവരെ "നിങ്ങളൊരു വിഡ്ഢിയാണ്" എന്നാണ് ഞാൻ വിളിക്കുകയെന്നും "എൻെറ കൂടെ ചേരു" എന്ന് അവരോട് പറയുമെന്നും അദ്ദേഹം പറഞ്ഞു. മാസ്റ്റർ അവിടെ പ്രതിപാദിച്ച ചില കാര്യങ്ങൾ:

- മാസ്റ്റർ വീണ്ടും വീണ്ടും സന്ദർശിക്കുന്നതെന്തിനെന്ന് അഭ്യാസികൾ ആത്മ പരിശോധന നടത്തണം. എന്തിനായാണ് അദ്ദേഹത്തിൻെറ സന്ദർശനം?
- ഒരു വഴിയിലൂടെ നടക്കുന്നതിന്, മുൻപ് നടന്ന വഴി ഉപേക്ഷിക്കണം. എനിക്ക് ഒരേസമയം നനയാതിരിക്കാനും നീന്താനും സാദ്ധ്യമല്ല; എനിക്ക് ഒരേ സമയം ഭൂമിയിലുണ്ടാവാനും പറക്കാനും സാദ്ധ്യമല്ല. നിലനിൽക്കുന്ന ഒരവസ്ഥ ഉപേക്ഷിച്ചു മാത്രമേ മറ്റൊന്നിലെത്താനാവു.
- മതത്തിൽ ദൈവമില്ല: അതാണ് സത്യം.
- മറ്റുള്ളവർക്കുവേണ്ടിയുള്ള പ്രാർത്ഥന സ്വീകാര്യമാണ്; അവനവനുവേണ്ടിയുള്ള പ്രാർത്ഥന യാചനയാണ്.

മാസ്റ്റർ അതിനുശേഷം ഉച്ചഭക്ഷണത്തിനായി ചണ്ഡിഗറിലേക്ക് യാത്ര തിരിച്ചു.

## ചണ്ഡിഗർ

മാർച്ച് 3–ാം തിയതി മാസ്റ്റർ ടാഗോർ തിയറ്ററിൽ സത്സംഗം നടത്തി. സോണിൽ നിന്നുള്ള അറുനൂറിലധികം അഭ്യാസികൾ അവിടെ സന്നിഹിതരായിരുന്നു. തങ്ങളുടെ പ്രിയപ്പെട്ട മാസ്റ്ററോടൊപ്പം ഒത്തു ചേരാനായതിൽ അവർ സന്തോഷവാന്മാരായിരുന്നു. സഹോദരൻ സത്ബീറും സഹോദരൻ ഹർഭജൻ സിങ്ങും സംസാരിച്ചതിനുശേഷം സഹോദരൻ ഗുർ പ്രീത് ഏതാനും ഭജനുകൾ ചൊല്ലി. അടുത്ത ദിവസം, അഭ്യാസികളെസന്തോഷിപ്പിച്ചുകൊണ്ട് ഒരു മണിക്കൂറോളം അഭ്യാസികളുമൊത്ത് ചിലവഴിക്കുകയും അവരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്തു.

5–ാം തിയതി രാവിലെ പ്രഭാതഭക്ഷണത്തിനുശേഷം മാസ്റ്റർ ഡൽഹിയിലേക്ക് പുറപ്പെടുമ്പോൾ വലിയൊരു കൂട്ടം അഭ്യാസികൾ അദ്ദേഹത്തെ യാത്രയാക്കുവാൻ സന്നിഹിതരായിരുന്നു. ഉടൻ തന്നെ അദ്ദേഹത്തെ സ്വീകരിക്കുവാൻ അവസരം ലഭിക്കുമെന്ന പ്രത്യാശയാൽ നിറഞ്ഞ ഹൃദയവുമായി അവർ അദ്ദേഹത്തെ യാത്രയയച്ചു. ഡൽഹിയിലേക്കുള്ള യാത്രയിൽ കർണ്ണാലിൽ കുറച്ചു നേരം അദ്ദേഹം തങ്ങുകയും സത്സംഗം നടത്തുകയും ചെയ്തു.





വാല്യം 4 ലക്കം 3 മെയ് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക



മാസ്റ്ററോടൊത്തുള്ള യാത്രയിൽ പെറുക്കിയെടുത്ത വിവേക മൊഴിമുത്തുകളിൽ ചിലത്:

- സഫലീകരിക്കാത്ത ആഗ്രഹങ്ങളിൽ നിന്ന് ദേഷ്യം ഉടലെടുക്കുന്നു. അത് മനസ്സിനെ മറയ്ക്കുകയും ചിന്തിക്കാനുള്ള കഴിവ് ഇല്ലാതാക്കുകയും ചെയ്യുന്നു. തുടർന്ന് സ്വയം വിനാശകരമാവുകയും ചെയ്യുന്നു.
- ബാഹ്യലോകത്തുനിന്ന് സ്വതന്ത്രമായി നിൽക്കുവാൻ കഴിയുന്ന മനസ്സിൻെറ അവസ്ഥയാണ് സന്തോഷം.
- വിശ്വാസം മനസ്സിൻെറ വാതായനങ്ങൾ തുറക്കുന്നു; മുൻവിധി അത് അടയ്ക്കുകയും ചെയ്യുന്നു.
- സ്നേഹമെന്നത് ഹൃദയത്തിൽനിന്ന് അനന്തതയിലേയ്ക്ക്, ഒരു ഭാഗത്തേക്കു മാത്രം യാത്ര ചെയ്യാനാവുന്ന പാതയാണ്.
- നിരവധി ജീവിതങ്ങൾക്കുശേഷം തൻെറ ആത്മീയ പങ്കാളിയെ കണ്ടെത്തുന്ന ഒരു പ്രക്രിയയുടെ പരിപൂർണ്ണതയിൽ എത്തലാണ് ശരിയായ വിവാഹം.
- സ്നേഹപൂർവ്വമുള്ള സമീപനം എല്ലാ പ്രശ്നങ്ങളേയും പരിഹരിക്കുന്നു.
- ഒരാൾ എങ്ങനെയാണ് ഇച്ഛാശക്തി ഉപയോഗിക്കേണ്ടത് എന്ന ചോദ്യത്തിന് മാസ്റ്റർ, “നിങ്ങൾ അത് ഉപയോഗിച്ചു തുടങ്ങിയാൽ മാത്രമെ അതിൻെറ വ്യത്യാസം അറിയാനാകൂ. ഇച്ഛാശക്തി പ്രബലമല്ലെങ്കിൽ ആഗ്രഹങ്ങൾ അതിനെ കീഴടക്കാൻ തുടങ്ങും. അച്ചടക്കം ഇച്ഛാശക്തിയേയും ആഗ്രഹത്തേയും സംതുലിതമാക്കുന്നു. ഇച്ഛാശക്തി ഹൃദയത്തിൽ നിന്നാണ് സജീവമാകുന്നത്; മനസ്സിൽനിന്നല്ല. ഇച്ഛാശക്തിക്ക് ദിശാബോധമില്ലാത്തതാണ് നമ്മുടെയൊക്കെ അപകടം. ശുദ്ധീകരണത്താൽ ദിശാബോധം ലഭ്യമാകുന്നു.”



## റായ്പൂർ

വൈകീട്ട് 7.40ന് അഭ്യാസികൾ മാസ്റ്ററെ റായ്പൂർ വിമാനത്താവളത്തിൽ സന്തോഷത്തോടെ സ്വീകരിച്ചു. ഉടനെ അദ്ദേഹം പുതിയതായി നിർമ്മിച്ച യോഗാശ്രമത്തിലേയ്ക്ക് യാത്ര തിരിച്ചു. തികഞ്ഞ അച്ചടക്കത്തോടും നിറഞ്ഞ സ്നേഹത്തോടെയും അഭ്യാസികൾ മാസ്റ്ററെ ആശ്രമത്തിൽ സ്വീകരിച്ചു. രാത്രി പത്തു മണിയോടെ അദ്ദേഹം തൻെറ ഓഫീസിൽനിന്ന് പുറത്തുവന്ന് അരമണിക്കൂറോളം അഭ്യാസികളോടൊത്ത് ചിലവഴിച്ചു. 8ന് രാവിലെ താൽക്കാലിക ധ്യാനഹാളിലെത്തിയ മാസ്റ്റർ 8.30ന് സത്സംഗം നടത്തി. സത്സംഗത്തിനുശേഷം അദ്ദേഹം ‘ഗോൾഫ് കാർട്ടി’ൽ ആശ്രമം ചുറ്റി കണ്ടു. അവിടത്തെ പുരോഗതിയിൽ അദ്ദേഹം സന്തുഷ്ടനായി.

ചത്തീസ്ഘട്ടിലും സമീപ സംസ്ഥാനങ്ങളിലുമുള്ള 200 ഓളം വരുന്ന അഭ്യാസികൾക്ക് മാർച്ച് 9-ാം തിയതി, കാത്തിരുന്ന അവിസ്മരണീയ ദിനമായിരുന്നു. ഉദ്ഘാടന ശിലാഫലകം അനാവരണം ചെയ്ത മാസ്റ്റർ 9600 ച.അടി. വിസ്തീർണ്ണമുള്ള ധ്യാനമന്ദിരം കണ്ട് സന്തുഷ്ടനായി. നയനാനന്ദകരവും നിർമ്മാണത്തിൽ ഉയർന്ന നിലവാരം പുലർത്തുന്നതുമായിരുന്നു ധ്യാനമന്ദിരം. സത്സംഗത്തിനുശേഷം മാസ്റ്റർ സംസാരിച്ചു.

- ആത്മീയതയുടെ വിത്തു പാകുന്ന ഒരേയൊരു സമ്പ്രദായം സഹജമാർഗം മാത്രമാണ്.
- അഭ്യാസികളുടെ എണ്ണം ഉയരുന്നതോടെ അവരുടെ സ്വഭാവവും ഉന്നതമാവണം.
- ധ്യാനമന്ദിരം ധ്യാനിക്കുവാനായി മാത്രം ഉള്ളതാണ്. അഭ്യാസികൾ തങ്ങളുടെ മതപരമായ ചടങ്ങുകൾ ആശ്രമപരിസരത്തിൽ വെച്ച് നടത്തരുത്.

മിഷനിൽ അഭ്യാസികളായ നൂറോളം സി.ആർ.പി.എഫ്. ജവാന്മാരെ കണ്ടപ്പോൾ മാസ്റ്റർ സന്തോഷവാനായി. ഭാവിയിൽ കൂടുതൽ ജവാന്മാർ അഭ്യാസികളാവട്ടെയെന്ന് അദ്ദേഹം ആശംസിച്ചു.

വൈകീട്ട് സത്സംഗത്തിനുശേഷം കുട്ടികൾ അവതരിപ്പിച്ച സംസ്കാരിക പരിപാടികൾ ഉണ്ടായിരുന്നു.





വാല്യം 4 ലക്കം 3 മെയ് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക



വൈകുന്നേരം സത്സംഗം നടന്നുകൊണ്ടിരുന്നപ്പോൾ മാസ്റ്റർ തൻെറ കോട്ടേജിനു പുറത്തു വന്നിരുന്നു. അദ്ദേഹം എൺപതോളം വരുന്ന വളൻറിയർമാരുടെ സേവനത്തെ പ്രശംസിച്ചുകൊണ്ട് എല്ലാവർക്കും ഓരോ വെള്ളി നാണയങ്ങൾ സമ്മാനിച്ചു. ശാരീരിക അവശതകൾക്കിടയിലും അദ്ദേഹം സന്തുഷ്ടവാനായിരുന്നു. അദ്ദേഹം അഭ്യാസികളോടൊത്ത് സമയം ചിലവഴിച്ചു.

മാർച്ച് 10-ാം തിയതി മാസ്റ്റർ രാവിലെ 7.05 ന് സത്സംഗം നടത്തി. (7.30 നാണ് സത്സംഗം നടത്താൻ പരിപാടിയിട്ടിരുന്നത്). പത്തുമണിയോടെ അദ്ദേഹം ഒരു അഭ്യാസി സഹോദരൻെറ വീട് സന്ദർശിച്ചതിനുശേഷം ഉച്ചയോടുകൂടി ഹൈദരാബാദിലേക്കുള്ള യാത്രക്കായി വിമാനത്താവളത്തിലേക്ക് തിരിച്ചു.

## ഹൈദരാബാദ്

മാർച്ച് 10-ാം തിയതി ഉച്ചയ്ക്ക് 1.45 ഓടുകൂടി മാസ്റ്റർ ഹൈദരാബാദിലെത്തി. വിമാനത്താവളത്തിൽ ആഹ്ലാദഭരിതരായ അഭ്യാസികൾ അദ്ദേഹത്തെ സ്വീകരിച്ചു. സോണൽ ആശ്രമത്തിലേക്കുള്ള വഴിയിൽ ഒരു രാഷ്ട്രീയ പാർട്ടിയുടെ ജാഥയുണ്ടായിരുന്നതിനാൽ അദ്ദേഹം എയർപോർട്ടിനടുത്തുള്ള ഒരു അഭ്യാസിയുടെ വീട്ടിലേക്ക് പോയി. കുറച്ചു നേരത്തെ വിശ്രമത്തിനുശേഷം അദ്ദേഹം 'കൻഹ ശാന്തി വനം' പദ്ധതി വിശകലനം ചെയ്തു. അതിനുശേഷം അവിടെ സന്നിഹിതരായിരുന്ന അഭ്യാസികൾക്കായി അദ്ദേഹം സത്സംഗം നടത്തി.

'കൻഹ ശാന്തി വനം' പദ്ധതിയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കാര്യങ്ങളാൽ മാസ്റ്റർ അടുത്ത ദിവസവും തിരക്കിലായിരുന്നു. ഉദ്ദേശിച്ച രീതിയിൽ രജിസ്ട്രേഷൻെറ ആദ്യഭാഗം നടക്കുന്നതുകണ്ട് അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു.

മാർച്ച് 12-ാം തിയതി സോണൽ ആശ്രമത്തിലെത്തിയ മാസ്റ്ററെ ആയിരക്കണക്കിന് അഭ്യാസികൾ, അദ്ദേഹത്തിൻെറ



ഓഫീസിലേക്കുള്ള വഴിയുടെ രണ്ടു വശത്തും നിരന്നു നിന്നുകൊണ്ട് സ്വീകരിച്ചു. "നല്ല അച്ചടക്കം, ഇത് കാണുവാൻ സാധിച്ചതിൽ സന്തോഷം" അദ്ദേഹം പറഞ്ഞു. പുതിയതായി നിർമ്മിച്ച കോണിപ്പടിയിലൂടെ അദ്ദേഹം തൻെറ കോട്ടേജിലേക്ക് കയറി. കോൺഫറൻസ് മുറിയും ഓഫീസ് മുറിയും അദ്ദേഹം ചുറ്റി നടന്നു കണ്ടു. 5000 ത്തിലധികം അഭ്യാസികൾ പങ്കെടുത്ത സത്സംഗം രാവിലെയും വൈകുന്നേരവും അദ്ദേഹം നടത്തി. മാസ്റ്ററുടെ താടി ഭംഗിയുള്ളതാണെന്ന് ഒരഭ്യാസി പറഞ്ഞപ്പോൾ, താടിക്ക് പുറകിലുള്ള മുഖം അതിലും ഭംഗിയുള്ളതാണെന്ന് കളിയായി അദ്ദേഹം പ്രതിവചിച്ചു. മുഴുവൻ സമയവും മാസ്റ്റർ നല്ല ആരോഗ്യവാനും നല്ല ഉത്സാഹത്തിലുമായിരുന്നു.

എല്ലാ സമയവും അദ്ദേഹത്തിൻെറ കോട്ടേജിൻെറ ഗേറ്റ് തുറന്ന് കിടന്നിരുന്നു. തങ്ങളുടെ പ്രിയപ്പെട്ട മാസ്റ്ററെ ഒരു നോക്കു കാണുവാൻ കൊതിച്ച് വിദൂര സ്ഥലങ്ങളിൽനിന്നും വന്ന് കാത്തിരുന്നിരുന്ന അഭ്യാസികളുടെ ഹൃദയങ്ങളിൽ ആ അനുഭവം കുളിർമ്മയുളവാക്കി. തൻെറ കിടപ്പു മുറിയുടെ അരികിലുള്ള തുറന്ന വരാന്തയിൽ ഇടക്കിടെ വന്നിരുന്ന് അദ്ദേഹം, അഭ്യാസികൾക്ക് തന്നെ കാണുവാൻ അവസരമൊരുക്കി.

മാർച്ച് 13-ാം തിയതി മാസ്റ്റർ ധ്യാനഹാളിലേക്ക് നടന്നു പോകുമ്പോൾ അടുക്കളയിൽ പ്രവർത്തിക്കുന്നവർ അദ്ദേഹത്തെ സ്വാഗതം ചെയ്തു. അവരുമായി ഇടപഴകിയ അദ്ദേഹം ഭക്ഷണത്തിലെ ഏറ്റവും പ്രധാനമായ ഘടകം സ്നേഹമാണെന്ന് അവരെ ഓർമ്മിപ്പിച്ചു. 6000 ത്തിലധികം അഭ്യാസികളാൽ നിറഞ്ഞ ധ്യാനഹാളിൽ അദ്ദേഹം സത്സംഗം നടത്തി. ഉച്ച തിരിഞ്ഞ് കുട്ടികൾക്ക് മാസ്റ്ററുമൊത്ത് പങ്കിടുവാനായി ഒരു മണിക്കൂറോളം ലഭിച്ചു. സത്സംഗത്തിനുശേഷം നൃത്തരൂപത്തിലുള്ള ഒരു നാടകം അവതരിപ്പിച്ചു. ഒരു ആത്മീയാന്വേഷിയുടെ വൈഷമ്യങ്ങളും, സഹജമാർഗം നൽകുന്ന നിർദ്ദേശങ്ങളുമാണ് അതിലൂടെ അവതരിപ്പിച്ചത്.

മാർച്ച് 14 നു രാവിലെ ഏഴരയ്ക്ക് മാസ്റ്റർ സത്സംഗം നടത്തി. അതിനു ശേഷം നൽകിയ സന്ദേശത്തിൽ, മികവുറ്റ സ്വഭാവം









വളർത്തിയെടുക്കുവാനും ഹൃദയത്തിലെ പ്രകാശത്തെ പ്രശോഭിപ്പിക്കുവാനും അദ്ദേഹം ആഹ്വാനം ചെയ്തു. പിന്നീട് ഒന്നേ മുക്കാലോടെ മാസ്റ്റർ എയർപോർട്ടിലേക്ക് പോയി.

## ചെന്നൈ:മാസ്റ്റർ സ്വവസതിയിൽ

ഏതാണ്ട് ഒന്നരമാസത്തെ ഇടവേളക്ക് ശേഷം മാർച്ച് 14 നു മാസ്റ്റർ ഹൈദരാബാദിൽ നിന്നും ചെന്നൈയിൽ തിരിച്ചെത്തി. എയർപോർട്ടിൽ തടിച്ചുകൂടിയിരുന്ന അഭ്യാസികൾക്ക് വളരെ കാലത്തിനു ശേഷം മാസ്റ്ററെ കണ്ടപ്പോഴുണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്തതായിരുന്നു. മാസ്റ്റർ നേരെ പോയത് ഗായത്രിയിലേക്കായിരുന്നു. ആ ആഴ്ച്ച മുഴുവൻ അദ്ദേഹം അവിടെ വിശ്രമിക്കുകയും വൈകുന്നേരങ്ങളിൽ അഭ്യാസികളെകാണുകയും ചെയ്തു. മാസ്റ്റർ ചിലപ്പോൾ സത്സംഗം നടത്തുകയോ അല്ലെങ്കിൽ അഭ്യാസികളുമായി സംസാരിച്ചിരിക്കുകയോ ചെയ്തു. ആശ്രമത്തിലും ഗായത്രിയിലും ആയിട്ടായിരുന്നു പിന്നീടദ്ദേഹം തൻെറ സമയം നീക്കി വെച്ചത്. ഈ ദിവസങ്ങളിൽ വിശ്രമിക്കുവാനും അഭ്യാസികളുടെ കൂടെ ചിലപ്പോഴെങ്കിലും ബീച്ചിൽ സമയം ചെലവഴിക്കുവാനും മാസ്റ്റർക്ക് സാധിച്ചു. മിഷൻെറ ദൈനംദിന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക, ഇമെയിൽ പരിശോധിച്ച് മറുപടി നൽകുക, പുതിയ പ്രിഫെക്റ്റുകളെ വാർത്തെടുക്കുക തുടങ്ങിയ ജോലികളിൽ എന്നത്തെയും പോലെ മാസ്റ്റർ വ്യാപൃതനായിരുന്നു.

## മണപ്പാക്കം ആശ്രമത്തിലേക്ക് അഭ്യാസിപ്രവാഹം

മുംബൈ സെൻററിൽ നിന്നും 500 ഓളം അഭ്യാസികൾ 4 ദിവസത്തെ താമസത്തിനായി മണപ്പാക്കം ആശ്രമത്തിൽ എത്തിച്ചേർന്നു. മാസ്റ്റർ അവർക്കായി സത്സംഗം നടത്തി. ക്ഷണിക്കപ്പെട്ട പ്രിസപ്റ്റർമാരുമായും ഭാരവാഹികളുമായും അവർ ദിവസവും സംവേദിക്കുകയും ഒരു സെമിനാറിൻെറ പ്രതീതി സൃഷ്ടിക്കുകയും ചെയ്തു. മാസ്റ്റർക്കായ് അവർ ഒരു സ്പെഷ്യൽ കേയ്ക്ക് മുറിക്കുകയും ചെറിയ ഒരു പരിപാടി അവതരിപ്പിക്കുകയും ചെയ്തു. മാസ്റ്റർ ആ പരിപാടി വളരെയധികം ആസ്വദിച്ചു. ഈ ദിവസങ്ങളിൽ സമീപത്തും വിദൂരത്തുമുള്ള സെൻററുകളിൽ നിന്ന് ധാരാളം അഭ്യാസികൾ മണപ്പാക്കം ആശ്രമത്തിലേക്ക് ഒഴുകിയെത്തിയിരുന്നു. കഴിഞ്ഞ ഒരു മാസത്തിൽ മാത്രം ഏകദേശം 3300 അഭ്യാസികൾ മാസറ്ററുടെ കൂടെ കഴിയുവാനായ് മറ്റു സെൻററുകളിൽ നിന്നും മണപ്പാക്കം ആശ്രമം സന്ദർശിച്ചിരുന്നു. ഏപ്രിൽ 10നു മാസ്റ്റർ 8 വിവാഹങ്ങൾ നടത്തി. കാലിന് വേദനയുണ്ടായിട്ട് കൂടി, വിവാഹം നടത്തിക്കൊടുക്കുന്ന മുഴുവൻ സമയവും എഴുന്നേറ്റ് നിൽക്കുവാൻ, മാസ്റ്റർ, പ്രത്യേകം ശ്രദ്ധിച്ചിരുന്നു.



## മാസ്റ്റർ തൻെറ വിളവ് കൊയ്യെടുക്കുന്നു

മാസ്റ്റർ ഒമേഗ വിദ്യാലയത്തിലെ (LMOIS) വിദ്യാർത്ഥികളുമായും സമയം ചിലവഴിക്കുന്നുണ്ടായിരുന്നു. അവരിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. ഈ വിദ്യാർത്ഥികളിൽ ഏകദേശം അറുപതോളം പേർ ഇതിനകം സാധന ആരംഭിച്ചിട്ടുണ്ട്. അവരിൽ നിരവധി പേർ 18 വയസ്സിന് താഴെയുള്ളവരും ധ്യാനം തുടങ്ങുവാൻ മാസ്റ്ററാൽ പ്രത്യേകം അനുമതി ലഭിച്ചിട്ടുള്ളവരുമാണ്. ഇതിൽ പലരേയും ആശ്രമത്തിൽ സത്സംഗത്തിന് മുൻനിരയിൽതന്നെ കാണാം. ഒരു വൈകുന്നേരം മാസ്റ്റർ അവർക്ക് സിറ്റിംഗ് നൽകി, തുടർന്ന് അവരോടൊപ്പം അത്താഴം കഴിച്ചു. അവരുടെ പുരോഗതിയിൽ സംതൃപ്തി പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു, “ഞാനിപ്പോൾ തൻെറ വിളവ് കൊയ്യെടുക്കുവാൻ തയ്യാറെടുക്കുന്ന ഒരു കർഷകനെ പോലെയാണ്. ഞാനിവരിൽ പ്രവർത്തിക്കുകയായിരുന്നു. ഇതാണെനിക്ക് മുഖ്യം, അല്ലാതെ വിദ്യാഭ്യാസമോ മറ്റ് പലതിനെക്കുറിച്ചോ എനിക്ക് ഉത്കണ്ഠയില്ല.” ഒരധ്യാപകൻെറ ചുമതലകളെക്കുറിച്ച് മാസ്റ്റർ ഇങ്ങനെ പറഞ്ഞു, “താൻ പറയുന്നത് കുട്ടികൾ മനസ്സിലാക്കി എന്നുറപ്പാക്കുന്നവനാണ് അധ്യാപകൻ. താൻ എന്ത് പുറത്ത് വിടുന്നു എന്നയാൾ ശ്രദ്ധിക്കുന്നില്ല. ഒരു നല്ല അധ്യാപകൻ തൻെറ വിദ്യാർത്ഥികളിൽ അത്ഭുതത്തിൻെറ അഥവാ ആശ്ചര്യത്തിൻെറ മനോഭാവം സൃഷ്ടിക്കുന്നു.”

## തെക്കൻ സോണുകളിലേക്കായുള്ള പരിശീലന പരിപാടി

ഇന്ത്യയിലെ തെക്കൻ സംസ്ഥാനങ്ങളിൽ നിന്നുമുള്ള 59 അഭ്യാസികളെഅഭിസംബോധന ചെയ്തുകൊണ്ട് ഏപ്രിൽ 16–നു ഇന്ത്യ സ്കോളേർസ് ട്രെയിനിംഗ് (ISTP) എന്ന പരിശീലന പരിപാടി മാസ്റ്റർ ഉദ്ഘാടനം ചെയ്തു. അറിവിൻെറ പരിമിതികളെക്കുറിച്ച് പ്രതിപാദിച്ചു കൊണ്ട് മാസ്റ്റർ, ഈ ജീവിതത്തിനും അപ്പുറത്തുള്ളതിനെക്കുറിച്ചുള്ള നമ്മുടെ അജ്ഞതയെക്കുറിച്ചും, സഹജമാർഗ്ഗത്തിൽ എങ്ങിനെ എല്ലാം സംപ്രേക്ഷണത്തിലൂടെ നൽകപ്പെടുന്നു എന്നും പറഞ്ഞു. ഈ സംസാര ജീവിതം കഷ്ടതകളാൽ നിറഞ്ഞതായിരിക്കുമെന്നും എങ്ങിനെ ഗതകാലത്തെ യോഗീശ്വരന്മാർ വരെ ഈ യാതനകളിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നില്ലായെന്നും അദ്ദേഹം വിവരിച്ചു.



വാല്യം 4 ലക്കം 3 മെയ് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്രോസ് ഇന്ത്യ വാർത്താപത്രിക

# അറിയിപ്പുകൾ

### പുതിയ നിയമനങ്ങൾ

വിജയ് കുമാർ അഗർവാൾ
സി.ഐ.സി. ഭട്ടിണ്ട കേന്ദ്രം

മേജർ. ജെൻ. ആനന്ദ് നാരായൻ മുദ്രെ (Retd)
സി.ഐ.സി. ജബൽപൂർ കേന്ദ്രം

സന്ദിപ് പ്രധാൻ
സി.ഐ.സി. ഗ്വാളിയോർ കേന്ദ്രം

### സത്ക്കോലിലേക്കു ഡോക്ടർ വളണ്ടിയർമാർ

2011 ജുലൈ തുടങ്ങി 2011 ഡിസംബർ വരെ സത്ക്കോൽ മെഡിക്കൽ കേന്ദ്രത്തിലേക്കു ഡോക്ടർ വളണ്ടിയർമാരെ ആവശ്യമുണ്ട്. താൽപര്യമുള്ളവർ വിവരങ്ങൾ കഴിവതും വേഗം അയക്കുക. സേവനം 15 ദിവസമാണ്. വിവരങ്ങൾക്ക്:

ഡോ. സി. കെ. പ്രസന്നകുമാർ
റെസിഡെൻറ് ഫിസിഷ്യൻ
മെഡിക്കൽ സെൻറർ
സത്ക്കോൽ.

### പൂജ്യ മാസ്റ്ററുടെ 85-ാം ജന്മദിനാഘോഷത്തിന് റെജിസ്ട്രേഷൻ

പൂജ്യ മാസ്റ്ററുടെ 85-ാം ജന്മദിനാഘോഷത്തിന് രജിസ്ട്രേഷൻ ഇപ്പോൾ ചെയ്യാവുന്നതാണ്. ആഘോഷം ഇന്ത്യയിലെ തിരുപ്പൂരിൽ വെച്ചാണ്. ഇന്ത്യയിലെ അഭ്യാസികൾക്ക് അതാതു കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്യാം. രജിസ്ട്രേഷൻ ഫോറത്തിൻെറ കോപ്പി ഇതിൻെറ കൂടെ ചേർത്തിട്ടുണ്ട്. ഫോറം വെബ്സൈറ്റിൽ നിന്നും എടുക്കാം.


വിദേശത്തുള്ള അഭ്യാസികൾക്ക് നെറ്റ് വഴി രജിസ്റ്റർ ചെയ്യാം. വിവരങ്ങൾ വെബ്സൈറ്റിൽ ഉണ്ട്.

രജിസ്റ്റർ ചെയ്യുന്നതിനു മുമ്പ് ആരോഗ്യം, യാത്ര, സുരക്ഷ എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ വായിക്കണം. വിവരങ്ങൾ http://www.sahajmarg.org/july-24-celebrations/2011 എന്ന വെബ്സൈറ്റിലുണ്ട്.


### വിസ്പേർസ് ഫ്രം ദ ബ്രൈറ്റർ വേൾഡ് – എ തേർഡ് റിവിലേഷൻ

മാസ്റ്ററുടെ അനുവാദത്തോടുകൂടി മാർച്ച് 28-നു തുടങ്ങി ഈ വെളിപാടിലെ സന്ദേശങ്ങൾ നെറ്റിൽ 'എ വിസ്പർ എ ഡെ' എന്ന പംക്തിയിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ ദൈനംദിന ഈമെയിൽ സംവിധാനത്തിൽ നിങ്ങൾ അംഗങ്ങളല്ലെങ്കിൽ അതിൽ അംഗമാകാൻ വെബ് സൈറ്റ് http://www.sahajmarg.literature/newsletters ൽ രജിസ്റ്റർ ചെയ്യുക.


# പുതിയ പ്രസിദ്ധീകരണങ്ങൾ





ഹാർട് സ്പീക് 2007
തെലുങ്ക്





ഹാർട് സ്പീക് 2010
ഇംഗ്ലീഷ്





മൈ മാസ്റ്റർ
തെലുങ്ക്,നേപാളി,കന്നഡ





ഉണ്മയുടെ ശബ്ദം ഭാഗം രണ്ട് മലയാളം





റിയാലിറ്റി അറ്റ് ഡോൺ
പഞ്ചാബി




കോൺസ്റ്റൻറ് റിമെംബ്രൻസ് ഏപ്രിൽ 2011





സ്പാർക് കള്ളെക്റ്റർ – 2
ഇംഗ്ലീഷ്




കേറെക്റ്റർ ഫൊർമേഷൻ
എംപി3 ഇംഗ്ലീഷ്

വാല്യം 4 ലക്കം 3 മെയ് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

# ഭൂതകാലത്തിലേക്കൊരു എത്തിനോട്ടം



1977–ൽ ബാബുജി മലേഷ്യ, സിംഗപ്പൂർ തുടങ്ങിയ സ്ഥലങ്ങളിലേക്കു നടത്തിയ വിദേശ യാത്രയിൽ മാസ്റ്റർ അദ്ദേഹത്തെ അനുഗമിച്ചിരുന്നു. അതിനു ശേഷം ബാബുജിയുടെ 78–ാമതു ജന്മദിനം ഏപ്രിൽ 30–നു മധുരയിൽ വെച്ചു നടത്തി. ഈ വിവരങ്ങളെക്കുറിച്ചു മാസ്റ്റർ തൻെറ ഡയറിയിൽ എഴുതിയത് (ഇൻ ഹിസ് ഫൂട്സ്റ്റെപ്സ്) താഴെ കൊടുത്തിരിക്കുന്നു.

1977 ഏപ്രിൽ 30 – ശനിയാഴച.

എല്ലാ കാര്യങ്ങളും ശരിക്കു നടക്കുന്നുണ്ടെന്നു തീർച്ചപ്പെടുത്താനായി ഞാൻ തല്ലകുളത്തിൽ നിന്നു 1.5 കി.മി. ദൂരത്തുള്ള പെരിയാർ മാളികയിലേക്കു പോകാൻ വലംജി മാൻഷനിൽ നിന്നു പുറപ്പെട്ടു. ഇന്നു മാസ്റ്ററുടെ 79–ാമതു ജന്മദിനമാണ്. ഇന്ത്യ മുഴുവനായുള്ള അഭ്യാസികൾക്കായി ഈ പരിപാടി നടത്താനായി മധുരയെ തിരഞ്ഞെടുത്തതിൽ ഈ കേന്ദ്രം അനുഗ്രഹീതമാണ്.

രാവിലെ 9.30: മാസ്റ്റർ നേരത്തെ തന്നെ വന്നു. 8.00 മണി മുതൽ കാത്തിരുന്ന ഏകദേശം 1000 അഭ്യാസികൾ അദ്ദേഹത്തെ സ്നേഹപൂർവം സ്വീകരിച്ചു. മാസ്റ്റർ 20 മിനിറ്റ് നേരം സത്സംഗം നടത്തി. ഇത്ര രാവിലെയായിരുന്നിട്ടും നല്ല ചൂട് ഉണ്ടായിരുന്നു. മാസ്റ്ററുടെ രണ്ടു ഭാഗത്തും ഫാൻ കറങ്ങിക്കൊണ്ടിരുന്നു. എന്നിട്ടും അദ്ദേഹത്തിൻെറ വിഷമം എനിക്കു കാണാൻ കഴിഞ്ഞു. സംപ്രേക്ഷണം ശക്തി കുറഞ്ഞതും മാർദ്ദവമുള്ളതുമായിരുന്നു.

സത്സംഗത്തിനു ശേഷം മാസ്റ്റർ കുറച്ചു നേരം വിശ്രമിച്ചു. അതിനു ശേഷം വേറൊരു സ്ഥലത്ത് എല്ലാവർക്കും പ്രസാദം നൽകി. പിന്നീട് അദ്ദേഹം വേദിയിലേക്ക് തിരിച്ചു വന്നു. ... കുറച്ചു പേർ സംസാരിച്ചു. 11.30 വരെ മാസ്റ്റർ വിശ്രമിച്ചു. അതിനു ശേഷം വലംജി മാൻഷനിലേക്കു തിരിച്ചു പോയി.

6.00 മണിക്കു മാസ്റ്റർ തിരിച്ചു വന്നു സത്സംഗം നടത്തി. എന്നിട്ട് എന്നോട്, “പകുതി ജോലി ഞാൻ ഇന്നു തീർത്തു. നാളെബാക്കിയുള്ളതു തീർക്കും” എന്നു പറഞ്ഞു.

...ഇന്നത്തെ പുസ്തക വിൽപ്പന 3000 രൂപ ആയിരുന്നു! സാത്രി 9.00 മണിക്കു ഞങ്ങൾ വീട്ടിലേക്കു തിരിച്ചു വന്നു. കുറെ അഭ്യാസികൾ മാസ്റ്ററോടുകൂടിയിരിക്കാൻ വന്നു. അവിടെ ചെയ്തിരുന്ന ഒരുക്കങ്ങളേയും മാസ്റ്റർ തന്ന സിറ്റിങ്ങിനെയും, അഭ്യാസികൾ പ്രശംസിച്ചു. അതിനു മറുപടിയായി മാസ്റ്റർ, “എല്ലാം ലാലാജി സാഹിബിൻെറ കൃപയാണ്. വന്നവരാരും വെറും കയ്യോടെ തിരിച്ചുപോയിട്ടില്ല” എന്നു പറഞ്ഞു.

## സഹോദരിമാരുടെ പഠന സംഘം, ഇന്തോർ, എം.പി

അഭ്യാസികളിൽ സ്ത്രീ–പുരുഷ ഭേദമില്ലെങ്കിലും, അവർ ജീവിതത്തിൽ വെവ്വേറെ പങ്കുകളാണു വഹിക്കുന്നത്. കാരണം, അവർ ദൈനംദിന ജീവിതത്തിൽ വ്യത്യസ്ഥ അന്തരീക്ഷങ്ങളാണു നേരിടുന്നത്. ഇത് അവർ ജീവിതത്തിൽ പ്രായോഗികമാക്കണം.

ഈ പ്രത്യേകതകൾ മനസ്സിലാക്കിക്കൊണ്ട് കുറച്ചു സഹോദരിമാരൊന്നിച്ചു ചേർന്ന് എല്ലാ മൂന്നാമത്തെ വെള്ളിയാഴ്ച്ചയും സത്സംഗത്തിനു ശേഷം അവരുടെ സാധനയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ തുടങ്ങി.

ആദ്യത്തെ മീറ്റിംഗ് സഹോദരി കലയുടെ വീട്ടിൽ മാർച്ച് 18–നു നടത്തി. ഏകദേശം 20 പേർ പങ്കെടുത്തു. സത്സംഗത്തിനു ശേഷം, ‘ഗുരുവും ലക്ഷ്യവും’ എന്ന പുസ്തകത്തിൽ നിന്നു ഒരു അദ്ധ്യായം വായിച്ചു. സ്വഭാവരൂപവൽക്കരണത്തിൻെറ പ്രാധാന്യത്തെപ്പറ്റിയും സംസാരിച്ചു. ജീവിതം മുഴുവൻ നാം സുഖം നേടാനും വേദന ഒഴിവാക്കാനും ഓടിക്കൊണ്ടിരിക്കുകയാണ്. ഇന്നു മാസ്റ്റർ പറയുന്നത് അവസരത്തിനനുസൃതമായി സേവന മനോഭാവത്തോടുകൂടി കാര്യങ്ങൾ ചെയ്യുക എന്നാണ്. സാധനയുടെ വിവിധ വശങ്ങളെപ്പറ്റിയും ചർച്ചയുണ്ടായി. ഈ സംഘം ക്രമേണ പരിണമിക്കുമെന്നും അഭ്യാസികൾക്കു ഇതിനാൽ നന്മ ലഭിക്കുമെന്നും അവർ കരുതുന്നു.

## മുംബൈയിൽ യുവാക്കൾക്കുള്ള സെമിനാർ

മാർച്ച് 5–ന് പൻവെൽ ആശ്രമത്തിൽ മഹാരാഷ്ട്രയിലെയും ഗോവയിലെയും യുവാക്കൾക്കായി രണ്ടു ദിവസത്തെ സെമിനാർ നടത്തി. ‘മായാ വലയത്തിൽ നിന്നും പുറത്തു വരിക’ എന്നതായിരുന്നു ചർച്ചാ വിഷയം. 150 പേർ പങ്കെടുത്തു. അതിനാവശ്യമായ പാഠ്യ സാമഗ്രികൾ പൂനയിലെയും മുംബൈയിലേയും പ്രിഫെക്റ്റ്മാരുടെ മേൽനോട്ടത്തിൽ തയ്യാറാക്കപ്പെട്ടിരുന്നു. ഈ അവസരത്തിൽ യുവാക്കളുടെ കഴിവുകൾ പ്രദർശിപ്പിക്കപ്പെട്ടു. പൂനെയിലുള്ള അഭ്യാസികൾ ‘ഹു മൂവ്ഡ് മൈ ചീസ്’ എന്ന ഒരു നാടകം അവതരിപ്പിച്ചു. 'അടുത്ത നിമിഷം നിങ്ങൾ മരിക്കാൻ പൊവുകയാണെന്ന രീതിയിൽ ജീവിക്കുക' എന്നതിനെ ആസ്പദമാക്കി മുംബൈയിലെ അഭ്യാസികൾ ചെറു നാടകം അവതരിപ്പിച്ചു. സഹോദരർ സൻജയ് ഭാട്ടിയ, സന്തോഷ് ശ്രീനിവാസൻ, സുഭാഷ് വൈദ്യ എന്നിവർ അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു. ചെറു സംഘങ്ങളായിരുന്ന ചർച്ച നടത്തി. ഇവിടത്തെ അന്തരീക്ഷം അപ്പോൾ ഒരു ഭണ്ഡാരയുടേതുപോലെ ആയിരുന്നു. മാസ്റ്ററുടെ സാന്നിദ്ധ്യം ശക്തമായി അനുഭവപ്പെട്ടു. ഇതിൽ പങ്കെടുത്ത യുവാക്കൾക്കു ഇതിൽ നിന്നു നല്ല നേട്ടം ഉണ്ടായി.





വാല്യം 4 ലക്കം 3 മെയ് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക




## വഡോദരയിലെ(ഗുജറാത്ത്)ഹോട്ടൽ മാനേജ്മെൻറ് വിദ്യാർത്ഥികൾക്കായ് നടത്തിയ അവതരണം

ഗുജറാത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറിലെ വിദ്യാർത്ഥികൾക്കും പോണ്ടിച്ചേരി യൂണിവേർസിറ്റിയിലെ എംബിഎ വിദ്യാർത്ഥികൾക്കുമായ് ഫെബ്രുവരി 26നു ഒരു പൊതുപരിപാടി സംഘടിപ്പിച്ചു. അവർക്ക് എളുപ്പം മനസ്സിലാകുന്ന രീതിയിൽ ലളിതമായ ഉദാഹരണസഹിതം സഹജമാർഗ്ഗത്തിലെ ധ്യാനത്തെയും ശുദ്ധീകരണത്തെയും കുറിച്ച് വിവരിച്ചു കൊടുത്തു. അവിടെക്കൂടിയിരുന്ന യുവതീയുവാക്കളിൽ പ്രസരിപ്പും ജിജ്ഞാസയും തുളുമ്പുന്നുണ്ടായിരുന്നു. കലാലയജീവിതത്തിൽ നിന്നും ഹോട്ടൽ വ്യവസായത്തിൻെറ പരുക്കൻ യാഥാർത്ഥ്യത്തിലേക്ക് കാലൂന്നാനിരിക്കുന്ന അവർക്ക് നൽകിയ ഭാഷണത്തിൻെറ അന്ത:സത്ത സന്തുലിതജീവനവും സ്വഹൃദയത്തിൻെറ നിർദേശങ്ങളെപിന്തുടരലുമായിരുന്നു. യുവാക്കളായ പ്രഭാഷകരെ വിദ്യാർത്ഥികൾ വളരെ ശ്രദ്ധാപൂർവ്വം ശ്രവിച്ചു. 92 പേരിൽ 56 പേർ ധ്യാനം തുടങ്ങുവാൻ താത്പര്യം പ്രകടിപ്പിച്ചു. സഹജമാർഗ്ഗ ലഘുലേഖകൾ എല്ലാവർക്കുമായ് വിതരണം ചെയ്യപ്പെട്ടു. യുവത്വത്തിൻെറ ഊർജ്ജം ആവോളമുള്ള ഈ വിദ്യാർത്ഥികൾ ആ ഊർജ്ജം ശരിയായ രീതിയിൽ വിനിയോഗിക്കുമെന്ന് എല്ലാവരും പ്രത്യാശ പ്രകടിപ്പിച്ചു. ഈ പരിപാടിയിൽ ഇൻസ്റ്റിറ്റ്യൂട്ടിൻെറ ഡയറക്റ്റർ വളരെ സന്തുഷ്ടനായിരുന്നു. ഇതുപോലുള്ള ശിൽപശാലകൾ കൂടുതൽ കൂടുതൽ നടത്തുവാൻ അദ്ദേഹം താത്പര്യം പ്രകടിപ്പിച്ചു.

## കുട്ടികളെ വളർത്തൽ എന്ന വിഷയത്തെപ്പറ്റിയുള്ള ശിൽപശാല, ഗുജറാത്തിലെ വഡോദരയിൽ

മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പരിപാടി(വിബിഎസ്സ്ഇ)യുടെ വളൻറിയർമാർക്ക് ബറോഡ ഹൈസ്കൂളിലെ വിദ്യാർത്ഥികളുടെ സക്ഷിതാക്കൾക്കായി ഒരു ശിൽപശാല നടത്തുവാനുള്ള അവസരം ലഭിച്ചു. കുടുംബാന്തരീക്ഷം, മാതാപിതാക്കൾക്ക് കുട്ടികളിൽനിന്നുള്ള പ്രതീക്ഷ, കുട്ടികൾക്ക് മാതാപിതാക്കളിൽ നിന്നുള്ള പ്രതീക്ഷ, കുട്ടികളുടെ വികാരങ്ങൾ കൈകാര്യം ചെയ്യൽ, സ്നേഹം, ചിട്ട, സ്വാതന്ത്ര്യം, ചുറ്റുപാടുകൾ തുടങ്ങിയ വിഷയങ്ങളെയധികരിച്ച് ചർച്ച ചെയ്താായിരുന്നു ഈ പരിപാടി ആരംഭിച്ചത്. മാതാപിതാക്കളും വളരുന്ന കുട്ടികളും തമ്മിൽ ഉടലെടുക്കുന്ന പ്രശ്നങ്ങളെമനസ്സിൽ കണ്ടുകൊണ്ടായിരുന്നു ഈ പരിപാടികൾക്കുള്ള വിഷയം തെരഞ്ഞെടുത്തിരുന്നത്. കുട്ടികളെവളർത്തി വലുതാക്കേണ്ടതെങ്ങനെയാണെന്ന് നമ്മുടെ ഒരു പ്രിഫെക്റ്റ് സഹജമാർഗ്ഗത്തിൻെറ കാഴ്ചപ്പാടിലൂടെ വിശദീകരിച്ചു. ഒരു പിതാവ് എന്ന നിലയിൽ തനിക്കുണ്ടായ അനുഭവങ്ങളെപ്പറ്റി അദ്ദേഹം വിവരിച്ചു. സമചിത്തതയും തുറന്ന ഹൃദയവും കൊണ്ട് താൻ വിഷമഘട്ടങ്ങൾ എങ്ങനെ തരണം ചെയ്തുവെന്നും അദ്ദേഹം വിശദീകരിച്ചു. മുഴുവൻ രക്ഷിതാക്കളും മൂന്ന് മണിക്കൂറും പൂർണമായും ഈ പരിപാടിയിൽ മുഴുകുകയും വളൻറിയർമാരുമായി സംവേദിക്കുകയും ചെയ്തു. 30 രക്ഷിതാക്കളിൽ 15 പേർ ധ്യാനം തുടങ്ങുവാനുള്ള സന്നദ്ധത പ്രകടിപ്പിച്ചു. എല്ലാവരും പരിപാടിയെ പുകഴ്ത്തി. ഇങ്ങനെയുള്ള പരിപാടികൾ ഭാവിയിൽ കൂടുതലായി നടത്തണമെന്ന് സ്കൂളധികൃതർ അഭ്യർത്ഥിച്ചു.



## 'പ്രകൃതിയും ഞാനും' – വേനൽക്യാമ്പ്, ബാംഗളൂർ

ഏപ്രിൽ 8 മുതൽ 10 വരെ ഒരു ത്രിദിന റസിഡെൻഷ്യൽ ക്യാമ്പ് ബാംഗളൂർ ബനശങ്കരി ആശ്രമത്തിൽ നടത്തപ്പെട്ടു. 7 മുതൽ 15 വയസ്സു വരെ പ്രായമുള്ള ജിജ്ഞാസുക്കളായ 80ഓളം കുട്ടികൾ ഇതിൽ പങ്കെടുത്തു.

പഞ്ചഭൂതങ്ങളെഅടിസ്ഥാനമാക്കി കുട്ടികളെഅഞ്ച് വിഭാഗങ്ങളായി തിരിച്ചു. പഞ്ചഭൂതങ്ങളെക്കുറിച്ച് ഓരോ വിഭാഗത്തിലെയും കുട്ടികൾ ചർച്ച ചെയ്യുകയും കരകൗശലവസ്തുക്കൾ നിർമ്മിക്കുകയും അവതരണം നടത്തുകയും ചെയ്തു. ഔഷധസസ്യങ്ങളെക്കുറിച്ചുള്ള ഒരവതരണം കുട്ടികളിൽ ചെടികളെക്കുറിച്ച് പുതിയ ഒരവബോധം സൃഷ്ടിച്ചു. പഞ്ചേന്ദ്രിയങ്ങളെഅടിസ്ഥാനമാക്കിയുള്ള ഒരു കളിയിലൂടെ, അവയെ എത്ര കുറച്ച് മാത്രമാണ് ഉപയോഗപ്പെടുത്തുന്നതെന്ന തിരിച്ചറിവ് കുട്ടികളിൽ ഉണ്ടാക്കി..

രണ്ടാം ദിനത്തിൽ ഊന്നൽ നൽകിയത് പുന:ചംക്രമണം, പുനരുപയോഗം, ലഘൂകരണം എന്നീ ആശയങ്ങൾക്കായിരുന്നു. മഴവെള്ള സംഭരണത്തിനെപ്പറ്റി ഒരു വിദഗ്ദൻ വിശദീകരിക്കുകയും പ്രയോഗമാതൃക തയ്യാറാക്കുകയും ചെയ്തു. 'പാഴ്വസ്തുക്കളിൽ നിന്ന് പണസമ്പാദനം' എന്നു പേരിട്ട കരകൗശലപ്രവൃത്തിയിൽ കുട്ടികൾ, ഡയറി നിർമ്മിക്കൽ, ന്യൂസ്പേപ്പറിൽ നിന്ന് ആകർഷകങ്ങളായ പാത്രങ്ങൾ, പെൻസ്റ്റാൻറ് തുടങ്ങിയവയുണ്ടാക്കൽ, പഴയ കുപ്പികളിൽ നിന്ന് പൂച്ചട്ടി നിർമ്മിക്കൽ തുടങ്ങിയവയിൽ വ്യാപൃതരായി. കുശവൻെറ ചക്രമുപയോഗിച്ച് കുടമുണ്ടാക്കിയപ്പോൾ കുട്ടികൾ ആവേശത്തിൻെറ കൊടുമുടിയിലായിരുന്നു. തുടർന്ന് നിധി കണ്ടുപിടിക്കൽ, പ്രശ്നോത്തരി, തോൽപ്പാവക്കൂത്ത്, സിനിമാപ്രദർശനം എന്നീ പരിപാടികളുണ്ടായി.

മൂന്നാം ദിവസം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് 'ആന്തരീകപ്രകൃതി' യിലായിരുന്നു. ഈ വിഷയത്തെയധികരിച്ച് കളികളും ഉണ്ടായിരുന്നു. വിബിഎസ്സ്ഇ സിലബസ്സിലെ ആശയങ്ങളുപയോഗിച്ച് ഈ വിഷയത്തെ വിശദമായി വിവരിച്ചു. കുട്ടികൾ നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനം രക്ഷിതാക്കൾക്കായ് ഒരുക്കിയിരുന്നു. സ്നേഹം, ധൈര്യം, തൃപ്തി തുടങ്ങിയ മൂല്യങ്ങളെയധികരിച്ച് ഓരോ ടീമിലേയും കുട്ടികൾ ലഘുനാടകങ്ങൾ അവതരിപ്പിച്ചു.

കളികൾ, സംവേദനം, ലഘുനാടകങ്ങൾ തുടങ്ങിയ ലളിതമാർഗ്ഗങ്ങളിലൂടെ വിവിധ മൂല്യങ്ങളെക്കുറിച്ച് മനസ്സിലാക്കുവാൻ രസം നിറഞ്ഞ ഈ ക്യാമ്പ് കുട്ടികളെസഹായിച്ചു.



വാല്യം 4 ലക്കം 3 മെയ് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്രോസ് ഇന്ത്യ വാർത്താപത്രിക

## പ്രബന്ധരചനാ മത്സരത്തിന്റെ സർട്ടിഫിക്കറ്റ് വിതരണം

ഡൽഹി: 17 സോണൽതല വിജയികൾക്കും ഒരു ദേശീയതല വിജയിക്കും സഹോദരൻ എ.പി.പാൾസ്(സോണൽ ഇൻ ചാർജ്) ഫെബ്രുവരി 26-ന് സമ്മാനങ്ങൾ വിതരണം ചെയ്തു. കുട്ടികൾക്കിടയിൽ ഒരു നല്ല ഭാവിക്കായി മാനുഷിക മൂല്യങ്ങളെവളർത്തിയെടുക്കാൻ ഇത്തരം പരിപാടികൾ എത്രമാത്രം സഹായിക്കുന്നു എന്നതിനെപ്പറ്റി സംസാരിച്ചു. സമ്മാനാർഹരായ കുട്ടികൾ മിഷന് നന്ദി രേഖപ്പെടുത്തുകയും പ്രബന്ധരചനയിലെ അവരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു.


ഡൽഹി

മധുരൈ: ഫെബ്രുവരി 2-ാം തീയതി 700-ൽ അധികം അഭ്യാസികളും 200 കുട്ടികളും 100 രക്ഷിതാക്കളും അധ്യാപകരും ഒത്തുചേർന്നു. മധുരൈ ഈവ്ണിംഗ് കോളേജിലെ പ്രിൻസിപാളായ ശ്രീ ഡോ.പി രാമചന്ദ്രനും, ശ്രീമതി പദ്മരാമചന്ദ്രനും സമ്മാനങ്ങൾ വിതരണം ചെയ്തു. ആൾ ഇന്ത്യ റേഡിയോവിലെ പ്രോഗ്രാം എക്സിക്യൂട്ടീവായ ശ്രീ.അശോക് അദ്ധ്യാത്മികതയിൽ ഊന്നിയുള്ള പഠനത്തിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു.


മധുരൈ

മുസഫർപൂർ: ഫെബ്രുവരി 27-ാം തീയതി ഇവിടെ നടത്തിയ ചടങ്ങിൽ ശ്രീ എസ്.എം.രാജു(ഐ.എ.എസ്) മുഖ്യാതിഥിയായിരുന്നു. അധ്യാപകരും, രക്ഷിതാക്കളും, പ്രിൻസിപാൾമാരുമടങ്ങുന്ന 150-ഓളം പേർ ഈ പരിപാടിയിൽ പങ്കെടുത്തു. സമ്മാനദാനത്തിനു ശേഷം, യുവാക്കൾക്കിടയിൽ ധ്യാനത്തെപ്പറ്റിയും ആത്മനിയന്ത്രണത്തെപ്പറ്റിയും സ്വഭാവ രൂപീകരണത്തെപ്പറ്റിയുമുള്ള അവബോധം വളർത്തുന്നതിൽ സഹജമാർഗം വഹിക്കുന്ന പങ്കിനെ ശ്രീ രാജു പ്രകീർത്തിച്ചു. വരുംകാലങ്ങളിലുള്ള ഇത്തരം പരിപാടികളിൽ കൂടുതൽ ഉത്സാഹത്തോടുകൂടി പങ്കെടുക്കുമെന്ന് വിദ്യാർത്ഥികളും അധ്യാപകരും അഭിപ്രായപ്പെട്ടു.


മുസഫർപൂർ

റോടക്: ഫെബ്രുവരി 8-ാം തീയതി എം.ഡി.യൂണിവേർസിറ്റിയിലെ അംബേദ്കർ ഹാളിൽ നടന്ന ചടങ്ങിൽ മുഖ്യാതിഥികളായി എത്തിയത് വൈസ് ചാൻസലർ പ്രൊഫ. ഹൂഡയും അദ്ദേഹത്തിന്റെ പത്നി ശ്രീമതി വേദാവതിഹൂഡയുമായിരുന്നു. വിദ്യാർത്ഥികളും, രക്ഷിതാക്കളും, അധ്യാപകസംഘവും, അഭ്യാസികളും അവരുടെ കുട്ടികളുമടങ്ങുന്ന 400 പേർ ഈ പരിപാടിയിൽ പങ്കെടുത്തു. പ്രബന്ധരചനാമത്സരത്തെക്കുറിച്ചും എസ്ആർസിഎമ്മിനെക്കുറിച്ചും യൂണിസെഫിനെക്കുറിച്ചും മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തെക്കുറിച്ചും സഹജമാർഗ്ഗത്തെക്കുറിച്ചും പ്രഭാഷണങ്ങളുണ്ടായി.


ചണ്ഡിഗർ

ചണ്ഡിഗർ: ഫെബ്രുവരി 18-ാം തീയതി പഞ്ചാബ് യൂണിവേർസിറ്റിയുടെ ഗോൾഡൻ ജൂബിലീ ഹാളിലായിരുന്നു പരിപാടി സംഘടിപ്പിച്ചത്. മുഖ്യാതിഥിയായെത്തിയത് ആർട്സ് ഗ്രൂപ്പിലെ അധ്യാപകരുടെ ഡീൻ ആയിരുന്നു. ഈ പരിപാടിയുടെ വിഷയം തന്നെ "യൗവ്വനം: പ്രത്യാശയുടെയും പ്രയത്നത്തിന്റെയും കാലഘട്ടം" എന്നതായിരുന്നു. സമ്മാനദാനത്തിനുശേഷം ഒരു ലഘു വീഡിയോ പ്രദർശിപ്പിക്കുകയുണ്ടായി.

പട്ടാമ്പി: ഫെബ്രുവരി 27-ാം തീയതി നടന്ന ചടങ്ങിൽ സമ്മാനാർഹരായ എട്ടുപേർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. അനേകം വിദ്യാർത്ഥികളും രക്ഷിതാക്കളും പ്രിൻസിപ്പാൾമാരും ഇതിൽ പങ്കെടുത്തു. സഹോദരന്മാരായ രാമൻ ഭട്ടതിരിപ്പാടും നാരായണനും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. വിദ്യാർത്ഥികളെല്ലാവരും തങ്ങളുടെ അഭിപ്രായങ്ങൾ പങ്കിട്ടു. കുട്ടികൾക്കിടയിൽ മാനുഷിക മൂല്യങ്ങൾ വളർത്തുന്നതിൽ മിഷൻ വഹിക്കുന്ന പങ്കിനെ രക്ഷിതാക്കളെല്ലാം പുകഴ്ത്തി.


മീററ്റ്

മീററ്റ്: മൂന്ന് വിഭാഗങ്ങളിലായി 487 സ്കൂളുകളിൽ നിന്നും കോളേജുകളിൽ നിന്നും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമായി ആകെ 16653 വിദ്യാർത്ഥികൾ ഇതിൽ പങ്കെടുത്തിരുന്നു. മൂല്യനിർണ്ണയത്തിനുശേഷം 647 പേർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പങ്കെടുത്തവരുടെ രക്ഷിതാക്കളെയും അധ്യാപകരെയും ക്ഷണിച്ചിരുന്നു. അതിഥികൾക്കായി പ്രിഫക്റ്റുകൾ സഹജമാർഗ്ഗം എന്തെന്നു വിശദീകരിച്ചു കൊടുക്കുകയും താത്പര്യം പ്രകടിപ്പിച്ചവർക്ക് ലഘുലേഖകളും മിഷന്റെ പുസ്തകങ്ങളും വിതരണം ചെയ്യുകയും ചെയ്തു.


സുൽത്താൻപൂർ

ഫെബ്രുവരി 20-ാം തീയതി സുൽത്താൻപൂരിൽ നടന്ന പരിപാടിയിൽ 600-ലേറെ വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും സുൽത്താൻപൂർ ജില്ലയിലെ 97 കോളേജുകളിൽ നിന്നുള്ള പ്രിൻസിപ്പാൾമാരും പങ്കെടുത്തു. ആശ്രമാന്തരീക്ഷം വളരെയധികം ഇഷ്ടപ്പെട്ട വിദ്യാർത്ഥികൾ മിഷനെക്കുറിച്ച് കൂടുതലറിയുവാൻ താത്പര്യം പ്രകടിപ്പിച്ചു. അലാഹബാദ്, വാരാണസി, ജൗൻപൂർ എന്നീ സമീപ പ്രദേശങ്ങളിലെ സെൻററുകളിൽ നിന്നും അഭ്യാസികൾ ഇതിൽ പങ്കെടുക്കാനെത്തിയിരുന്നു. ആദ്ധ്യാത്മികതയിൽ യുവാക്കൾക്കുള്ള പങ്കിനെക്കുറിച്ച് ഡോ.ശിവ്മോഹൻ പാണ്ഡെ സംസാരിച്ചു.


ഷാജഹാൻപൂർ

വാല്യം 4 ലക്കം 3 മെയ് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

ഫെബ്രുവരി 27-ാം തീയതി മൊറാദബാദ് ആശ്രമത്തിൽ വെച്ച് നടന്ന ചടങ്ങിൽ 95 സ്കൂളുകളിൽ നിന്നുള്ള 180 വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും അധ്യാപകരും പങ്കെടുത്തു. പ്രബന്ധ രചനയ്ക്കു നൽകിയ മൂന്നു വിഷയങ്ങളെക്കുറിച്ചും സഹോദരി നീലം സംസാരിച്ചു. സഹോദരൻ ശർവൺ കുമാർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. അതിഥികൾ അന്തരീക്ഷം വളരെയധികം ആസ്വദിക്കുന്നതായി കണ്ടു. പലരും സഹജമാർഗ്ഗത്തിനെക്കുറിച്ച് അറിയുവാൻ ഉത്സാഹം പ്രകടിപ്പിക്കുകയും മിഷനിൽ ചേരുവാൻ സമ്മതമറിയിക്കുകയും ചെയ്തു.

ഷാജഹാൻപൂരിൽ ഫെബ്രുവരി 27 നായിരുന്നു പരിപാടി സംഘടിപ്പിച്ചത്. സെൻററിലെ 45 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ മത്സരം സംഘടിപ്പിച്ചിരുന്നു. മുഖ്യാതിഥി ഡോ. രമാശങ്കർ മൗര്യ(എഡിഎം) സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സെൻറർ ഇൻ ചാർജ് മിഷനെക്കുറിച്ചൊരു ആമുഖം നൽകിയതിനുശേഷം സഹോദരൻ ഭഗവൻ ദാസ് ഇത്തരം പരിപാടികൾ നടത്തുന്നതിൻെറ പിന്നിലെ ഉദ്ദേശ്യം എന്തെന്ന് വിവരിച്ചു.

*ഗുൽബർഗ:* ഫെബ്രുവരി 2-നു നടന്ന പരിപാടിയിൽ 50 വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും അധ്യാപകരും പങ്കെടുത്തു. സഹോദരന്മാരായ പ്രഹ്ലാദ് പാക്നിക്കറും, ശ്രീകാന്ത് ജോഷിയും, രാജുവും സഹജമാർഗ്ഗത്തിൻെറ പ്രാധാന്യം വിശദീകരിച്ചു.

ഹൂബ്ലി: ഫെബ്രുവരി 13-ലെ ചടങ്ങിൽ മുഖ്യാതിഥിയായി എത്തിയ ധാർവാഡ് ജില്ലയിലെ വിദ്യാഭ്യാസത്തിൻെറ ചുമതലയുള്ള അഡീഷണൽ കമ്മീഷണർ, അവരുടെ ഡിപ്പാർട്മൻറ് ചെയ്യേണ്ടുന്ന ജോലി നാം ചെയ്യുന്നത് കണ്ടതിൽ സന്തോഷം രേഖപ്പെടുത്തി. വിദ്യാഭ്യാസത്തിൽ മൂല്യങ്ങളുടെ ആവശ്യകതയെ അദ്ദേഹം ഊന്നിപ്പറഞ്ഞു. സഹോ. ഡോ.ബർകോൽ പ്രബന്ധരചനാ മത്സരത്തിൻെറ പുറകിലുള്ള ഉദ്ദേശ്യം വിശദീകരിക്കുകയും കുട്ടികളുടെ മനസ്സുകളിൽ അതിൻെറ ഫലം എന്തെന്ന് വിശദീകരിക്കുകയും ചെയ്തു. സഹജമാർഗ്ഗം എന്തെന്ന് സഹോദരൻ രാജു വിശദീകരിച്ചു.

ബീദർ: ഫെബ്രുവരി 27-നു നടന്ന ചടങ്ങിൽ 50 വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും അധ്യാപകരും പങ്കെടുത്തു. സെൻറർ ഇൻ ചാർജായ സഹോദരൻ ഹരിലാൽ ചവാൻ പ്രബന്ധരചനാ മത്സരത്തിൻെറ ഉദ്ദേശ്യത്തെക്കുറിച്ചും 2010ലെ അതിലേക്കുള്ള ഉത്സാഹഭരിതമായ പ്രതികരണത്തെക്കുറിച്ചും സംസാരിച്ചു. ആദ്ധ്യാത്മികതയുടെ ആവശ്യകതയെക്കുറിച്ചും സഹജമാർഗ്ഗ തത്വചിന്തകളെക്കുറിച്ചും സഹോദരൻ രാജു സംസാരിച്ചു. വിദ്യാർത്ഥികൾക്കും വിദ്യാലയങ്ങൾക്കും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. 18 വയസ്സിനുമുകളിൽ പ്രായമുള്ള വിദ്യാർത്ഥികൾക്ക് സഹജമാർഗ്ഗ സാധനയെക്കുറിച്ചുള്ള പുസ്തകം വിതരണം ചെയ്തു.

പ്രബന്ധരചനയിലുള്ള അനുഭവങ്ങൾ വിദ്യാർത്ഥികൾ പങ്കിട്ടു. സ്വഭാവം, സ്വാതന്ത്ര്യം, അഭിലാഷം, ഉത്കർഷേച്ഛ എന്നീ വിഷയങ്ങളെക്കുറിച്ച് ഒരിക്കലും പരിചിന്തനം നടത്തിയിട്ടില്ലെന്ന് വിദ്യാർത്ഥികൾ അഭിപ്രായപ്പെട്ടു. എന്നാൽ മത്സരത്തിനായി തയ്യാറെടുക്കുന്ന സമയത്ത് അതിൻെറ ശരിയായ അർത്ഥം മനസ്സിലാക്കാൻ സാധിച്ചതായി അവർ പറഞ്ഞു. തിരഞ്ഞെടുത്ത വിഷയങ്ങളെയും മിഷൻെറ പ്രവർത്തനങ്ങളെയും രക്ഷിതാക്കളും പുകഴ്ത്തി. മിഷനിൽ ചേരുവാൻ നിരവധി പേർ താത്പര്യം പ്രകടിപ്പിച്ചു.

ബെല്ലാരി: ഫെബ്രുവരി 2-ന് നടത്തിയ പരിപാടിയിൽ ഏഴ് സ്കൂളുകളിൽ നിന്നായി 25 വിദ്യാർത്ഥികൾ പങ്കെടുത്തു. മിഷനെക്കുറിച്ചൊരു ആമുഖം നൽകിയതിനുശേഷം പ്രബന്ധരചനയെക്കുറിച്ചുള്ള അവരുടെ അനുഭവങ്ങൾ വിദ്യാർത്ഥികൾ പങ്കിട്ടു. അവരുടെയുള്ളിൽ ആദ്ധ്യാത്മികതയും ജീവിത മൂല്യങ്ങളും എന്തുമാത്രം പതിഞ്ഞിട്ടുണ്ടെന്നതിനുള്ള തെളിവായിരുന്നു ആ വെളിപ്പെടുത്തൽ.

*ഹംനബാദ്:* മാർച്ച് 6-ന് സഹോദരൻ ബക്കറെഡ്ഡിയുടെ വസതിയിൽ നടന്ന ചടങ്ങിൽ 15 പേർ പങ്കെടുത്തു. സർട്ടിഫിക്കറ്റ് വിതരണത്തിനുശേഷം സഹോദരൻ ശ്രീകാന്ത് ജോഷി ആദ്ധ്യാത്മികതയുടെ ആവശ്യകതയെ ആസ്പദമാക്കി സംസാരിച്ചു.

ലക്നൗ: ഇവിടത്തെ 95 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രബന്ധരചന മത്സരം സംഘടിപ്പിച്ചിരുന്നു. ഫെബ്രുവരി 27-ന് നടന്ന ചടങ്ങിൽ 400 വിദ്യാർത്ഥികളും രക്ഷിതാക്കളും അധ്യാപകരും പങ്കെടുത്തു. ലക്നൗ യൂണിവേഴ്സിറ്റിയിലെ സോഷ്യോളജി വിഭാഗത്തിലെ എച്ച്.ഓ.ഡി ആയ പ്രൊ.എ.കെ.ശ്രീവാസ്തവയായിരുന്നു മുഖ്യ അതിഥിയായെത്തിയതും സമ്മാനങ്ങൾ വിതരണം ചെയ്തതും.


ഷാജഹാൻപൂർ


ഗുൽബർഗ



ഹൂബ്ലി


ബീദർ


ബെല്ലാരി


ഹംനബാദ്

വാല്യം 4 ലക്കം 3 മെയ് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക



## സഹോദരൻ എ.പി.ദുരൈയുടെ മംഗലാപുരം സന്ദർശനം - കർണ്ണാടകം

മിഷൻെറ ജോയിൻറ് സെക്രട്ടറി സഹോദരൻ എ.പി.ദുരൈ ഫെബ്രുവരി 24നു മംഗലാപുരം സന്ദർശിച്ചു. അൻപതോളം അഭ്യാസികൾ അന്നവിടെ സന്നിഹിതരായിരുന്നു. പുതിയ അഭ്യാസികൾക്കുവേണ്ടി സഹോദരി നളിനി പ്രാർത്ഥനയുടെ അർത്ഥം വിശദീകരിച്ചു. ആശ്രമത്തിനു വേണ്ടി സ്ഥലം കണ്ടെത്തുന്നതിനായി സഹോദരന്മാർ സുബ്രായ പൈ, പ്രസാദ് കൃഷ്ണ, ഗണേഷ്, രാധാകൃഷ്ണ, സഹോദരി ലത ഹോള എന്നിവർ അംഗങ്ങളായുള്ള ഒരു കമ്മിറ്റി രൂപീകരിച്ചു. മാസ്റ്ററിൽ വിശ്വാസം അർപ്പിച്ച് പ്രവർത്തനം തുടങ്ങിയാൽ എല്ലാ മാർഗങ്ങളും തെളിയുമെന്ന് അദ്ദേഹം അനുസ്മരിച്ചു.

അഭ്യാസികളുമായി നടത്തിയ ചർച്ചയിൽ സഹോ.ദുരൈ മുൻപോട്ടുവെച്ച ചില ചിന്താശകലങ്ങൾ:

- “ഞങ്ങളെ ആ നിലയിൽ എത്തിക്കുന്നതിനുള്ള ദൈവവും ശക്തിയും അങ്ങു മാത്രമാണ്” എന്നതിൻെറ അർത്ഥം ദൈവവും ശക്തിയുമായി മാസ്റ്ററെ സ്വീകരിച്ച് വിശ്വാസമർപ്പിക്കുന്നതിലൂടെ നമുക്ക് തൻേറടവും ധൈര്യവും ലഭിക്കുന്നതോടൊപ്പം ഉന്നതരുടെ തെറ്റായ ആജ്ഞകൾക്കോ സമ്മർദ്ദങ്ങൾക്കോ വഴങ്ങാതിരിക്കാനും സാധിക്കുന്നു.
- സ്വന്തം തെറ്റുകളേയും അപൂർണ്ണതകളേയും തിരുത്തുന്നതിനായി ദേഷ്യം നന്നാകും.
- പ്രാർത്ഥന യാചനയല്ല. മാസ്റ്റർ തരുന്നതെന്തും സ്വീകരിക്കുന്നതിനുള്ള മനോഭാവത്തോടെ എന്തു ചോദിക്കണമെന്നറിയാതെ, ഒരു മുൻ നിശ്ചയവുമില്ലാതെ കയ്യിൽ ഭിക്ഷാപാത്രവുമായി നിൽക്കുന്ന യാചകനെ പോലെയാവണം പ്രാർത്ഥന. നമ്മളങ്ങിനെ പ്രാർത്ഥിക്കുമ്പോൾ മനുഷ്യരൂപിയായ മാസ്റ്റർ ദൈവത്തിൽ നിന്നുള്ള ശക്തി നമ്മിലെത്തിക്കുന്നു.
- മാസ്റ്ററിൽ വിശ്വാസമർപ്പിച്ച്, “താങ്കൾ എന്തു വേണമെങ്കിലും ചെയ്തുകൊള്ളൂ, താങ്കളുടെ കയ്യിലെ ഒരുപകരണം മാത്രമാണ് ഞാൻ” എന്ന ഭാവവുമായി ചെയ്യുന്ന എന്തിലും ദൈവീക ശക്തിയുടെ സാന്നിധ്യം ഉണ്ടായിരിക്കും.
- മാസ്റ്ററുടെ പുസ്തകങ്ങൾ വീണ്ടും വീണ്ടും വായിക്കുന്നതിനെക്കുറിച്ചും സത്സംഗിനു ശേഷം പുസ്തകങ്ങൾ വായിച്ച് അവതരിപ്പിക്കുന്നതിനെക്കുറിച്ചും അഭ്യാസികളുടെ വീട്ടിൽ കുടുംബസംഗമം സംഘടിപ്പിച്ച് സഹജമാർഗ്ഗം പരിചയപ്പെടുത്തുന്നതിൻെറ ആവശ്യകതയെക്കുറിച്ചും അദ്ദേഹം ഊന്നിപ്പറഞ്ഞു. മാസ്റ്ററുടെ ജോലികൾ നാം സ്വയം ഏറ്റെടുത്ത് ചെയ്യുന്നതാണ് അദ്ദേഹത്തിൻെറ ശ്രദ്ധയാകർഷിക്കുന്നതിൻെറ രഹസ്യം എന്നു അദ്ദേഹം ഓർമ്മിപ്പിച്ചു.

## തിരുപ്പൂരിലെ സംഭവവികാസങ്ങൾ - മാർച്ച് 2011

മാർച്ച് 4, 5 തിയ്യതികളിൽ ചെട്ടിപ്പാളയം ആശ്രമത്തിൽ തമിഴ്നാട്ടിലെ പ്രിസപ്റ്റർമാർക്കായി നടത്തിയ സെമിനാറിൽ സഹോദരൻ എപിദുരൈ അദ്ധ്യക്ഷം വഹിച്ചു. മാർച്ച് 6 ഞായറാഴ്ചയിലെ സത്സംഗം നടത്തിയതും അദ്ദേഹമായിരുന്നു. അന്നത്തെ മുഴുദിന പരിപാടിയിൽ ഗ്രൂപ്പ് ഡിസ്കഷൻ, ചോദ്യോത്തരവേള, പ്രിസപ്റ്റർമാരുടെ പ്രസംഗങ്ങൾ എന്നിവ ഉണ്ടായിരുന്നു.

മാസ്റ്ററുടെ ജന്മദിനം തിരുപ്പൂരിൽ വെച്ച് ആഘോഷിക്കുവാൻ അദ്ദേഹം അനുവദിച്ചതിനെ തുടർന്ന് അതിനുള്ള കമ്മിറ്റി രൂപീകരിച്ചു. ഈ കമ്മിറ്റിയിലെ അംഗങ്ങൾ മാർച് 9നു യോഗം ചേർന്നു. മിഷൻ സെക്രട്ടറി ശ്രീ ഉമാശങ്കർ ബാജ്പേയ് സത്സംഗം നടത്തി. തുടർന്നു അദ്ദേഹത്തിൻെറ ആമുഖപ്രസംഗവും അതിനുശേഷം പരിപാടി നടക്കുന്ന ഡയമണ്ട് ജൂബിലി പാർക്ക് സന്ദർശിക്കുകയും സൗകര്യങ്ങൾ ഒരുക്കുന്നതിനെക്കുറിച്ച് ബന്ധപ്പെട്ട വളണ്ടിയർമാരുമായി ചർച്ചകളുമുണ്ടായി.

പുതിയ അഭ്യാസികൾക്കായി അഡ്വാൻസ് ട്രെയിനിംഗ് പ്രോഗ്രാം കൂടി അന്നുണ്ടായിരുന്നു. പുതിയ അഭ്യാസികൾക്കു വേണ്ടിയാണ് ഇതു നടത്തിയതെങ്കിലും പങ്കെടുത്ത പല മുതിർന്ന അഭ്യാസികൾക്കും ഇതിൻെറ പ്രയോജനം ലഭിച്ചു.

## യുവാക്കളുടെ ആത്മപരിശോധനാവേള - നത്രാമ്പള്ളി, തമിഴ്നാട്

യുവാക്കൾക്കായി നത്രാമ്പള്ളി ആശ്രമത്തിൽ മാർച്ച് 12, 13 തിയതികളിലായി നടത്തിയ ഈ പരിപാടിയിൽ 85 പേരാണ് പങ്കെടുത്തത്. ആശ്രമം മാനേജർ സഹോദരൻ ഭരതരാജൻ, സഹോദരൻ ലക്ഷ്മീനാരായണൻ എന്നിവർ സംസാരിച്ചു. “സഹജമാർഗത്തിൽ യുവാക്കൾക്കുള്ള പങ്ക്” എന്ന വിഷയത്തെക്കുറിച്ചാണ് സഹോദരൻ ലക്ഷ്മീനാരായണൻ സംസാരിച്ചത്. ആത്മപരിശോധന നടത്തി സ്വയം വിലയിരുത്താനുള്ള അവസരം ലഭിച്ചു എന്നതാണ് പരിപാടിയുടെ പ്രത്യേകതകളിലൊന്ന്. ജ്യോതിഷത്തിലുള്ള വിശ്വാസം, ആത്മീയ വിവാഹത്തിൻെറ പ്രാധാന്യം, പാരമ്പര്യത്തിൻെറ സ്വാധീനം എന്നിവയെക്കുറിച്ച് ആലോചിക്കുവാനും ചിന്തകൾ പങ്കുവെക്കുവാനും അവർക്കവസരം ലഭിച്ചു. 'സ്പിരിട്' എന്ന അനിമേഷൻ ചലച്ചിത്ര പ്രദർശനത്തോടെ ആദ്യദിനം സമാപിച്ചു.
“യുവത്വം: സഹജമാർഗ്ഗത്തിൻെറ ഭാവി” എന്ന വിഷയത്തിൽ സഹോദരൻ രഘുപതിയുടെ പ്രഭാഷണത്തോടെയാണ് രണ്ടാം ദിനം ആരംഭിച്ചത്. “ആത്മീയനില നിലനിർത്തൽ” എന്ന വിഷയം സഹോദരൻ ശ്രീരാം അവതരിപ്പിച്ചു. സഹജമാർഗസാധന, മിഷൻെറ അടിസ്ഥാന പ്രവർത്തനങ്ങൾ എന്നിവയിലൂന്നി ഒരു പ്രശ്നോത്തരി സങ്കടിപ്പിച്ചിരുന്നു. ഉച്ചയ്ക്കു ശേഷം നടത്തിയ വീഡിയോ പ്രദർശനം വലിയ പ്രചോദനമേകി. മന:ശക്തിയ്ക്കും ശുഭചിന്തയ്ക്കും ജീവിതത്തിലുള്ള പ്രാധാന്യം ബോധ്യപ്പെടുത്തിത്തരുന്നതായിരുന്നു പ്രദർശനം. അഭ്യാസികൾ ഈ പരിപാടിയിലെ അനുഭവങ്ങൾ പങ്കുവെയ്ക്കുകയും വർഷത്തിൽ രണ്ടു തവണയെങ്കിലും ഇത്തരത്തിലുള്ള പരിപാടികൾ നടത്തണമെന്നഭ്യർത്ഥിക്കുകയും ചെയ്തു.





വാല്യം 4 ലക്കം 3 മെയ് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

## നെയ്‌വേലിയിലെ കൂട്ടായ്മയും ചർച്ചകളും, തമിഴ്നാട്



നെയ്‌വേലി ഹബ് മാർച്ച് 20നു പുതുച്ചേരിയിൽ അഭ്യാസികളുടെ സംഗമം സംഘടിപ്പിച്ചു. പുതുച്ചേരി, കടലൂർ, വില്ലുപുരം, നെയ്‌വെലി കേന്ദ്രങ്ങളിൽ നിന്നുള്ള നൂറോളം അഭ്യാസികൾ ഇതിൽ പങ്കെടുത്തു. "ധ്യാനത്തിൻെറ പ്രാധാന്യം", "നിങ്ങളെമാറ്റുക", എന്നീ വിഷയങ്ങളിൽ പുതുച്ചേരി കേന്ദ്രവും "അച്ചടക്കം സ്വയം ശീലിക്കുക" എന്ന വിഷയത്തിൽ കടലൂർ കേന്ദ്രവും "സ്വഭാവ രൂപീകരണം" എന്ന വിഷയത്തിൽ വില്ലുപുരം കേന്ദ്രവും "മൂല്യവും ധാർമ്മികതയും" എന്ന വിഷയത്തിൽ നെയ്‌വേലി കേന്ദ്രവും അവതരിപ്പിച്ച ചർച്ചകൾ ഉപകാരപ്രദവും ചിന്തോദ്ദീപകവുമായിരുന്നു. എത്തിച്ചേർന്നിരുന്ന എല്ലാവരുടെയും സജീവ പങ്കാളിത്തം ഈ പരിപാടിയിൽ ഉണ്ടായിരുന്നു. പരസ്പരമറിയാനും സാഹോദര്യം വളർത്താനും ഈ പരിപാടി സഹായിച്ചു.

## തമിഴ്നാട്ടിലെ തിരുതുറയ്പൂണ്ടിയിൽ ധ്യാനമന്ദിര ഉദ്ഘാടനം



തിരുതുറയ്പൂണ്ടിയിൽ കഴിഞ്ഞവർഷം ഒക്ടോബറിലാണ് സഹജമാർഗ കേന്ദ്രം സ്ഥാപിതമായത്. 25 അഭ്യാസികളുമായാണ് അന്നു കേന്ദ്രം ആരംഭിച്ചത്. അന്നുമുതൽ ഞായറാഴ്ചകളിൽ സത്സംഗം മുടങ്ങാതെ നടത്തുന്നുണ്ട്. മാർച്ച് ഏഴാം തിയതി സോണൽ ഇൻ ചാർജ് ചുമതലയുള്ള സഹോദരൻ എസ് പ്രകാശ് ധ്യാനമന്ദിരം ഉദ്ഘാടനം ചെയ്തു. നാൽപതോളം അഭ്യാസികൾ തദവസരത്തിൽ സന്നിഹിതരായിരുന്നു. ഒരഭ്യാസിയുടെ വീടിൻെറ ഒന്നാം നിലയിലാണ് ധ്യാനമന്ദിരം. മാർച്ച് 13നു ഇവിടെ ഒരു തുറന്ന സദസ്സ് സംഘടിപ്പിക്കുകയുണ്ടായി. അടുത്ത കേന്ദ്രങ്ങളിലെ പ്രിസപ്റ്റർമാരുടെ സഹകരണത്തോടെ ഈ കേന്ദ്രം വളർന്നുവരുന്നതായി കാണുന്നു.



## തെങ്കാശിയിലെ ചർച്ചാവേദി

ഫെബ്രുവരി 27 നു തെങ്കാശിയിൽ യുവാക്കൾക്കായി ചർച്ചാവേദി സംഘടിപ്പിച്ചു. 8 സഹോദരന്മാരും 3 സഹോദരിമാരും ഇതിൽ പങ്കെടുത്തു. "നമ്മുടെ മിഷൻ/കേന്ദ്രം ഉപയോഗപ്പെടുത്തി നമുക്ക് ഫലപ്രദമായി എങ്ങിനെ മുന്നേറാം" എന്ന വിഷയം ചർച്ച ചെയ്തു. കൃത്യമായ സാധനയിലൂടെ മാത്രമേ സന്തുലിത ജീവിതം സാദ്ധ്യമാവൂ എന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. എല്ലാവരും സജീവമായി ഈ ചർച്ചകളിൽ പങ്കെടുത്തു.

## ഗുജറാത്തിലെ ഭാരവാഹികളുടെ യോഗം

ഏപ്രിൽ 9,10 തിയതികളിലായി അഹമ്മദാബാദ് സോണൽ ആശ്രമത്തിൽ ഉത്തര ഗുജറാത്തിലെ ഭാരവാഹികളുടെ യോഗം നടന്നു. കഴിഞ്ഞ വർഷം നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്താനും 2011-12 സാമ്പത്തിക വർഷത്തിൽ നടത്താനുദ്ദേശിക്കുന്ന വികസനോന്മുഖമായ പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്യാൻ ആണ് അൻപതോളം




വരുന്ന ഭാരവാഹികളുടെ യോഗം ചേർന്നത്.

മാസ്റ്ററിലുള്ള വിശ്വാസം നമ്മുടെ പ്രവൃത്തികളിലും സമീപനങ്ങളിലും ക്രിയാത്മകത ഉളവാക്കുമെന്ന് സഹോദരൻ രാജേഷ് അഗർവാൾ പറഞ്ഞു. ആദ്യം സെൻറർ ഇൻ ചാർജ്/സെൻറർമാനേജർമാർ/സബ്-സോണൽ കോർഡിനേറ്റർമാർ എന്നിവരുടെ അവതരണങ്ങളും, പിന്നീട് സഹോദരൻ എ പി ദുരൈ നടത്തിയ പ്രഭാഷണത്തെ തുടർന്ന് "എണ്ണത്തിലും ഗുണത്തിലും" എന്ന വിഷയത്തെ ആസ്പദമാക്കി ഗ്രൂപ്പ് ചർച്ചകളും നടന്നു.

രണ്ടാമത്തെ ദിവസം പ്രബന്ധ രചന, പ്രസിദ്ധീകരണങ്ങൾ, വിബിഎസ്ഇ തുടങ്ങിയ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്ന സോണൽ കോർഡിനേറ്റർമാർ സംസാരിച്ചു. ഓരോരുത്തരും അവരവർ ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ടാണ് സംസാരിച്ചത്. പങ്കെടുത്തവർക്ക് അവരവരുടെ ചുമതലകളിൽ പുതിയ മാർഗനിർദ്ദേശങ്ങൾ നൽകി.

സഹോദരൻ അംകിത് വ്യാസ്, സഹോദരൻ കേജൽ കൻസാര എന്നിവർ യോഗനടപടികൾ നിയന്ത്രിച്ചു. എല്ലാ സന്നദ്ധ പ്രവർത്തകർക്കും വരുന്ന വർഷം മുഴുവനും ഉത്സാഹത്തോടെ പ്രയത്നിക്കാൻ സാധിക്കട്ടെ എന്നു സഹോദരൻ രാജേഷ് ഉപസംഹാരവേളയിൽ ആശംസിച്ചു.

# പ്രകാശകേന്ദ്രം





## കോയമ്പത്തൂർ ആശ്രമം

1974–ൽ കോയമ്പത്തൂർ കേന്ദ്രം ആർ. എസ്. പുരത്തിലുള്ള ഒരു അഭ്യാസിയുടെ വീട്ടിൽ വെച്ചാണു തുടങ്ങിയത്. പക്ഷെ ഇതിനുള്ള പ്രവർത്തനം ബാബുജി മഹാരാജ് 1968–ൽ അദ്ദേഹം കോയമ്പത്തൂർ സന്ദർശിച്ചപ്പോൾ തന്നെ തുടങ്ങിയിരുന്നു. ഞായറാഴ്ച്ച സത്സംഗം ആർ. എസ്. പുരത്തിലുള്ള ‘ഗോൾഡ് മിസ്റ്റ്’ എന്ന കെട്ടിടത്തിൻെറ താഴത്തെ നിലയിൽ വെച്ചായിരുന്നു. ഇവിടെ ഏകദേശം 200 പേർക്കു ഇരിക്കാമായിരുന്നു. 1991 മെയ് മാസത്തിലാണ് മാസ്റ്റർ ഈ കേന്ദ്രം ഉദ്ഘാടനം ചെയ്യത്. ഉദ്ഘാടന സമയത്ത് നടത്തിയ പ്രഭാഷണത്തിൽ ഈ കേന്ദ്രത്തിൻെറ സാവധാനത്തിലുള്ള പുരോഗതിയെപ്പറ്റി ആശങ്ക പ്രകടിപ്പിച്ചു.



ഇവിടെ വളർച്ച ശക്തി കൂടിയത് നാച്ചിപാളയം ഗ്രാമത്തിൽ 31 ഏക്കർ സ്ഥലം വാങ്ങിയതിനു ശേഷമാണ്. ഈ സ്ഥലം കേരളത്തിലെ പശ്ചിമഘട്ട മലയോരത്തിൽ പാലക്കാട് നിന്നു ഒന്നര മണിക്കൂർ യാത്ര ദൂരമുള്ളതാണ്. ഈ സ്ഥലം 2000–ത്തിൽ നവംബർ 1–ന്ന മാസ്റ്റർ രജിസ്റ്റർ ചെയ്തു.




വളരെ മനോഹരമായ ഒരു വിശാലമായ മെഡിറ്റേഷൻ ഹാൾ നിർമ്മിച്ചു 2007 ജനവരി 5–ന് മാസ്റ്റർ അത് ഉദ്ഘാടനം ചെയ്തു. ഇതിൽ ഏകദേശം 1000 പേർക്ക് ഇരിക്കാം. കൂടാതെ 500 പേർക്കു വരാന്തയിലും ഇരിക്കാം. ഓരോ പ്രാവശ്യം മാസ്റ്റർ മലമ്പുഴയിൽ വരുമ്പോഴും ഈ ആശ്രമത്തിൽ വന്നു വിശ്രമിക്കാൻ ഇഷ്ടപ്പെടാറുണ്ട്. വളരെയധികം മരങ്ങൾ ഇവിടെ വെച്ചു പിടിപ്പിച്ചിട്ടുണ്ട്. ആശ്രമത്തിനു ചുറ്റുമുള്ള അഭ്യാസികളുടെ വീടുകൾക്കു ഇതൊരു പച്ചപ്പ് നിറഞ്ഞ പ്രദേശമാണ്.

ഇവിടെ നടത്തിയ ഒരു പ്രഭാഷണത്തിൽ മാസ്റ്റർ പറഞ്ഞത്, “ആദ്യമായി മാസ്റ്ററെ സ്നേഹിക്കുക. അതിനു ശേഷം ധ്യാനിക്കുക, ശുദ്ധീകരണം ചെയ്യുക. കാരണം, അദ്ദേഹം അങ്ങിനെയാണു പറഞ്ഞിരിക്കുന്നത്. ധ്യാനം കൊണ്ട് മാത്രം ലക്ഷ്യത്തിലെത്തിച്ചേരാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കാരണം, ഇന്ത്യയിലെ ആത്മീയ ചരിത്രം നോക്കുകയാണെങ്കിൽ ആയിരക്കണക്കിനു വർഷങ്ങൾ ധ്യാനിച്ചവരുണ്ട്. എന്നാൽ അവരൊന്നും ലക്ഷ്യത്തിലെത്തിയിട്ടില്ല. ഞാൻ ഇതിനെപ്പറ്റി ബാബുജിയോടു ചോദിച്ചു. അദ്ദേഹം പറഞ്ഞത് “നിങ്ങൾ പറയുന്നത് ശരിയാണ്”. അപ്പോൾ ഞാൻ, അങ്ങനെയാണെങ്കിൽ നിങ്ങൾ എന്തിനാണ് ഈ ധ്യാനം, ശുദ്ധീകരണം ഇതെല്ലാം ചെയ്യാൻ പറയുന്നത്? എന്ന് തിരിച്ചുചോദിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി ഇതായിരുന്നു ‘അനുസരണ. ജനങ്ങളിൽ അനുസരണ ഉണ്ടാക്കാൻ”.



ഏകദേശം 25 അഭ്യാസികളുമായി തുടങ്ങിയ ഈ കേന്ദ്രത്തിൽ ഇന്നു 450 അഭ്യാസികളുണ്ട്. ബുധനാഴ്ചത്തെ സത്സംഗം 9 കേന്ദ്രങ്ങളിൽ നടത്തുന്നുണ്ട്. അടുത്തുതന്നെ ഡോർമിറ്ററി, ഹോസ്റ്റൽ, മാസ്റ്ററുടെ ഓഫീസ് തുടങ്ങിയവ പണിയാനുള്ള പദ്ധതിയുണ്ട്. മാസ്റ്റർ ഒരിക്കൽ പറഞ്ഞത് ഇവിടെ ചുരുങ്ങിയത് 2000 അഭ്യാസികൾ ഉണ്ടായിരിക്കണം എന്നാണ്. പ്രിഫക്റ്റ്മാരുടേയും അഭ്യാസികളുടേയും പരിശ്രമം വഴി അദ്ദേഹത്തിൻെറ ഈ പ്രവചനം സാദ്ധ്യമാകുമെന്നു വിശ്വസിക്കുന്നു.

**To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org**

© 2011 Shri Ram Chandra Mission ("SRCM"). All rights reserved. “Shri Ram Chandra Mission", "Sahaj Marg", “SRCM”, “Constant Remembrance” and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.